പതിമൂന്നാംകേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2988

02.04.2013 - ൽ
മറുപടിക്ക്

## അഴീക്കോട് മുനമ്പം പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ. വി. എസ്. സുനിൽകുമാർ | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|---|
| (എ) കയ്പമംഗലം നിയോജക മണ്ഡലത്തെയും, വൈപ്പിൻ നിയോജക മണ്ഡലത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന അഴീക്കോട് മുനമ്പം പാലത്തിന്റെ നിർമ്മാണത്തിന് മുന്നോടിയായുള്ള പരിസ്ഥിതി ആഘാത പഠനത്തിനായി ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;<br><br>(ബി) എങ്കിൽ പ്രസ്തുത ഏജൻസിയുമായി ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ടോ;<br><br>(സി) പ്രസ്തുത പഠന റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുമെന്ന് വ്യക്തമാക്കുമോ; | (എ)<br>(ബി)<br>&<br>(സി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയപ്പോൾ പരിസ്ഥിതി ആഘാത പഠനം നടത്തണമെന്ന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. ചീഫ് എഞ്ചിനീയർ ഈ വിഷയത്തിൽ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിഗണിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ; | (ഡി) | പരിസ്ഥിതി പഠനവും ഫൈനൽ ഡിസൈനും സ്ഥലമെടുപ്പിന്റെ പൂർത്തീകരണവും കഴിഞ്ഞതിനു ശേഷമേ പണി ടെണ്ടർ ചെയ്യുവാൻ സാധിക്കുകയുള്ളൂ. |
| (ഇ) | പ്രസ്തുത പാലം നിർമ്മാണം സംബന്ധിച്ച മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അഴീക്കോട് - മുനമ്പം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട്**

**നിയമസഭാസമുച്ചയത്തിലുള്ള ബഹു.മുഖ്യമന്ത്രിയുടെ ചേമ്പറിൽ**

**17.12.2012 -ൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.**

ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായി, ബഹു.പൊതുമരാമത്ത് വകുപ്പ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉച്ചയ്ക്ക് 12.20 -ന് യോഗനടപടികൾ ആരംഭിച്ചു. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അഴീക്കോട് - മുനമ്പം പാലം നിർമ്മാണത്തിന്റെ നിലവിലുള്ള സ്ഥിതി യോഗത്തിൽ വിശദീകരിച്ചു. തുടർന്ന് സംസാരിച്ച ശ്രീ.വി.എസ്.സുനിൽകുമാർ എം.എൽ.എ. പദ്ധതിയുടെ നടത്തിപ്പിൽ താമസം ഉണ്ടാകുന്നത് അനുസരിച്ച് അനുവദിച്ച തുകയിൽ കവിഞ്ഞ വർദ്ധനവ് ചെലവിൽ ഉണ്ടാകുവാനുള്ള സാധ്യത ചൂണ്ടിക്കാണിച്ചു. പദ്ധതി നടപ്പിലായാൽ വല്ലാർപാടം പദ്ധതിയ്ക്കും വളരെ പ്രയോജനം ഉണ്ടാകുന്നതാണ് എന്നും എം.എൽ.എ. അറിയിച്ചു. Rough Cost Estimate -നെ സംബന്ധിച്ച് അന്വേഷിച്ച ബഹു.മുഖ്യമന്ത്രി, ഈ സാഹചര്യത്തിൽ, എസ്റ്റിമേറ്റിൽ മാറ്റം വരുമെന്നുള്ള എ.എൽ.എ.യുടെ അഭിപ്രായത്തോട് യോജിക്കുകയുണ്ടായി.

നിലവിലെ സാഹചര്യത്തിൽ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് പ്രശ്നമില്ലാത്തതാണെന്നും എന്നാൽ പാരിസ്ഥിതിക ആഘാതപഠന വിഷയത്തിൽ കാലതാമസമുള്ളതായും ആയതിന് ചുരുങ്ങിയത് ഒരുവർഷമെങ്കിലും സമയമെടുക്കുമെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി യോഗത്തിൽ അറിയിക്കുകയുണ്ടായി.

ബഹു.മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും അനുവാദം ലഭിച്ചാൽ പദ്ധതി ഉടൻതന്നെ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി ബഹു.മുഖ്യമന്ത്രിയെ അറിയിക്കുകയുണ്ടായി.

നിർദ്ദിഷ്ട അഴീക്കോട് - മുനമ്പം പാലം വളരെയേറെ ചരിത്ര പ്രാധാന്യമുള്ള സ്ഥലത്താണ് നിർമ്മിക്കുവാൻ പോകുന്നതെന്നും, പദ്ധതിപ്രദേശത്തിനടുത്തുള്ള മുസിരിസിലാണ് വിദേശികൾ ആദ്യമായി എത്തിയതെന്നും, അതിനാൽ മുസിരിസ് ബ്രിഡ്ജ് എന്ന് നിർദ്ദിഷ്ട പാലത്തിന് പേരു നൽകണമെന്നുമുള്ള ശ്രീ.എസ്.ശർമ്മ എം.എൽ.എ.യുടെ നിർദ്ദേശം യോഗം തത്വത്തിൽ അംഗീകരിച്ചു.

തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി

1. പാരിസ്ഥിതിക ആഘാതപഠനം വേഗത്തിലാക്കുന്നതിനുള്ള അടിയന്തിര തുടർ നടപടികൾ സ്വീകരിക്കുക.
2. ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തുക.
3. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ കൈക്കൊള്ളുക.
4. നിർദ്ദിഷ്ട പാലത്തിന്റെ ചരിത്ര പശ്ചാത്തലം കണക്കിലെടുത്ത് ആയതിന്റെ കവാടങ്ങൾ മുസിരിസ് മാതൃകയിൽ നിർമ്മിക്കുക.

**(നടപടി: ചീഫ് എഞ്ചിനീയർ, നിരത്തുകളും പാലങ്ങളും വിഭാഗം)**

യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. യോഗം 12.20- ന് അവസാനിച്ചു.

സെക്ഷൻ ഓഫീസർ

# List of Participants

1. Shri.S.Sarma MLA (Vypeen)
2. Shri.V.S.Sunilkumar MLA (Kaipamangalam)
3. Shri.T.O.Sooraj, Secretary (PWD)
4. Smt.Chinnamma Darman, President, Pallippuram Panchayath.
5. Shri.E.V.Ramesan, President, Eriyad Grama Panchayath.
6. Shri.K.Sundaran, Chief Engineer (Design & Admn), Thiruvananthapuram.
7. Shri.P.K.Satheesan, Chief Engineer (Buildings-R&B), Thiruvananthapuram.
8. Shri.M.G.Ranjith Kumar, Under Secretary (PWD)
9. Smt.P.Marykutty, Deputy Colelctor (LA), Thrissur.
10. Shri.V.D.Mohamed basheer, Deputy Collector (LA), Ernakulam.
11. Shri.Jayaprakasan.V., Executive Engineer, Roads, Thrissur.
12. Shri.S.Humayoun, Superintending Engineer (R&B), Central Circle, Aluva.
13. Smt.Radhika Satheesh, Member, Pallippuram Panchayath.
14. Shri.T.K.Baldev, Assistant Executive Engineer, PWD Bridges Sub Division, Thrissur.
15. Shri.P.A.Hashim, Executive Engineer, Roads, Ernakulam.